തിരുവനന്തപുരം മൃസിയം, ആർട്ട് ഗ്യാലറി എന്നിവയുടെ സംരക്ഷണം

135 (5953) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മൃസിയം കോമ്പൗണ്ടിൽ ഉണ്ടായിരുന്ന ഇറ്റാലിയൻ മൃസിയം നശിപ്പിച്ചതും, കളം നികത്തിയതും ആരുടെ നിർദ്ദേശപ്രകാരമാണ് ;

(ബി) ഇതുമായി ബന്ധപ്പെട്ടുള്ള എല്ലാ ഉത്തരവുകളും ലഭ്യമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം തിരുവനന്തപുരം മൃസിയം, മൃഗശാല, ആർട്ട്ഗ്യാലറി എന്നിവ സംരക്ഷിക്കാനും വികസിപ്പിക്കുന്നതിനും എത്ര രൂപ ചെലവഴിച്ചുവെന്നും ആയതിലൂടെ നടപ്പിലാക്കപ്പെട്ട വികസനപ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ&ബി) മൃസിയം കോമ്പൗണ്ടിൽ ഇറ്റാലിയൻ മൃസിയം ഇല്ലായിരുന്നു. കളങ്ങൾ നികത്തിയിട്ടില്ല.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം മൃസിയം, മൃഗശാലയുടെ വികസനത്തിനായി ചെലവായതുകയും വികസന പ്രവർത്തനങ്ങളുടെ വിവരവും ചുവടെ ചേർക്കുന്നു :

2011 -	2012 -	775	ലക്ഷം
2012 -	2013 -	1057.94	"
2013 -	2014 -	1175.84	"
2014 -	2015 -	1007.48	"

1. തിരുവനന്തപുരം മൃഗശാലയിലേയ്ക്ക് മൈസൂർ, ലക്നൗ, ഡൽഹി മൃഗശാലകളിൽ നിന്നും വെള്ളക്കടുവൾപ്പെടെയുള്ള പക്ഷിമൃഗാദികളെ കൈമാറ്റ വ്യവസ്ഥയിൽ എത്തിച്ചു. ശ്രീലങ്കൻ മൃഗശാലയിൽനിന്നും 7 ആനകോണ്ടകളെ കൊണ്ടുവന്നു. ഇവ ലഭ്യമായതോടെ സന്ദർശകരുടെ എണ്ണം കൂടുകയും വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാവുകയും ചെയ്തു.

2. പ്രശസ്ത ചിത്രകാരനായ കെ.സി.എസ് പണിക്കരുടെ പേരിലുള്ള ഗ്യാലറി നവീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

3. സന്ദർശകരുടെ സൗകര്യാർത്ഥം തിരുവനന്തപുരം മൃസിയത്തിലെ നടപ്പാത നവീകരിച്ചു.

4. മൃസിയം ലൈബ്രറി നവീകരിച്ചു.

5. മൃസിയത്തിന് ഇരുവശത്തുമുള്ള പൂന്തോട്ടം മോടി പിടിപ്പിച്ചു

6. എൽ.ഇ.ഡി സൗരോർജ്ജ വിളക്കുകൾ സ്ഥാപിച്ചു

7. കുട്ടികളുടെ പാർക്ക് നവീകരിച്ചു.

8. സന്ദർശകർക്ക് കുടിവെള്ള സൗകര്യം ഏർപ്പെടുത്തി.

9. മൃസിയം മൃഗശാല - ഡെക്യുമെന്ററി ഫിലിം നിർമ്മിച്ചു.

10. മൃഗശാല കുളത്തിൽ ഫ്ലോട്ടിംഗ് ഫൗണ്ടനുകൾ സ്ഥാപിച്ചു

11. മൃസിയം മൃഗശാല സമുച്ചയത്തിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ചു

12. നാച്യുറൽ ഹിസ്റ്ററി മൃസിയം നവീകരിച്ചു.

13. ഓട്ടോമാറ്റിക് ടിക്കറ്റിംഗ് കിയോസ്കുകൾ സ്ഥാപിച്ചു.

14. നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു

15. പാമ്പിൻകൂട് നവീകരിച്ചു.

16. മൃഗശാലയിൽ വാട്ടർ റീസൈക്ലിംഗ് പ്ലാന്റ് സ്ഥാപിച്ചു

17. മൃഗശാല സന്ദർശകർക്കായി ബാറ്ററി വാഹനങ്ങൾ ഏർപ്പെടുത്തി.

18. 3 ഡി തിയേറ്റർ സ്ഥാപിച്ചു.

19. അനകോണ്ട, രാജവെമ്പാല എന്നിവയ്ക്കായി പുതിയ പരിബന്ധനങ്ങൾ നിർമ്മിച്ചു.

20. കേഴമാൻ, മലയണ്ണാൻ, കുറുക്കൻ, കഴുതപ്പുലി, നീലക്കാള എന്നിവയ്ക്കായി പുതിയ പരിബന്ധനങ്ങളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു

(നക്ഷത്രചിഹ്നമിടാത്ത 5843, 5919, 5920, 5921, 5924, 5925, 5928, 5931, 5933, 5934, 5935, 5936, 5941, 5948 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾഎഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly